# സി പി എൻ എസ് ജി എച്ച് എസ്
# എസ് മാതമംഗലം

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025

# സമഗ്ര ഗുണമേന്മയിലേക്ക്

നമ്മുടെ വിദ്യാലയം ഹൈടെക് ആയി ഒരു പരിധിവരെ ഉയരുകയും നിരവധി നേട്ടങ്ങളിലൂടെ കുതിക്കുകയും ചെയ്തു കൊണ്ടിരിക്കുകയാണ്. കൂടുതൽ പരിമിതികളെ മറികടക്കാനും സമൂഹത്തിന് അഭിമാനസ്തംഭമായി നമ്മുടെ വിദ്യാലയത്തെ ഉയർത്താനും കടമ്പകൾ ഏറെയുണ്ട്. പഠന നിലവാരം ഉയർത്താനും ഗവൺമെന്റ് പദ്ധതിയായ സമഗ്രഗുണമേന്മ വിദ്യാഭ്യാസം എന്നത് ഫലത്തിൽ വരുത്താനും ഉതകുന്ന നിരവധി സ്വപ്നങ്ങളാണ് ഉള്ളത്.അവയിൽ നമ്മുടെ സാഹചര്യത്തിൽ നിന്ന് കൊണ്ട് ഏറ്റെടുത്ത് നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന പദ്ധതികളാണ് ഇവിടെ പങ്കുവയ്ക്കുന്നത്.

# ആമുഖം

കേരളത്തിലെ പൊതുവിദ്യാലയങ്ങളെല്ലാം ഉണർവിന്റെ പാതയിലാണ്. സാമൂഹിക സാംസ്കാരിക കൂട്ടായ്മകൾ വിദ്യാലയങ്ങളെ ഹൈടെക് ആക്കി മാറ്റുന്നതിൽ വലിയ പങ്കുവഹിച്ചു. ഹരിത വിദ്യാലയമായി നമ്മുടെ വിദ്യാലയത്തെ മാറ്റാനുള്ള ഊർജിതശ്രമങ്ങൾ നടന്നുവരികയാണ്. ഒപ്പം കുട്ടികളുടെ സർവതോൻമുഖമായ വികസനവും സാധ്യമാവണം. പുതിയ തലമുറയിലെ കുട്ടികൾക്ക് നിയമ ബോധവും സൈബർ സുരക്ഷിതത്വവും ലഹരി വിരുദ്ധ ബോധവൽക്കരണവുമൊക്കെ വളരെ ആസൂത്രിതമായി നടപ്പാക്കേണ്ടതുണ്ട്. ഭക്ഷണവിതരണ സംവിധാനങ്ങൾ, വിശാലമായ കളിസ്ഥലങ്ങൾ , ശുദ്ധജല ലഭ്യത, ശുചിത്വമുള്ള ക്ലാസ്സ്മുറികളും ശൗചാലയങ്ങളും, ശാസ്ത്ര ലാബുകൾ നവീകരിക്കൽ തുടങ്ങിയവയൊക്കെ ഉറപ്പാക്കേണ്ടതുണ്ട്. അക്കാദിമികവും അക്കാദമികേതരവുമായ പ്രവർത്തനങ്ങൾ ഈ അക്കാദമിക വർഷത്തിലും വരും വർഷങ്ങളിലും ആയി സ്കൂളിൽ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

# പശ്ചാത്തലം

1957ലാണ് മാതമംഗലം ഗവൺമെന്റ് ഹൈസ്കൂൾ സ്ഥാപിതമായത്. മാതമംഗലത്തെ പൗര പ്രമുഖർ അടങ്ങുന്ന കമ്മിറ്റിയാണ് മലയോര നാട്ടിൽ ഒരു ഹൈസകൂൾ സ്ഥാപിക്കാൻ മുന്നോട്ടിറങ്ങിയത്. അന്നത്തെ വിദ്യാഭ്യാസ മന്ത്രി ജോസഫ് മുണ്ടശ്ശേരി സ്കൂൾ അനുവദിക്കുകയും ജനാബ് പോക്കുഹാജി സംഭാവന നൽകിയ അഞ്ച് ഏക്കർ സ്ഥലത്ത് സ്കൂൾ കെട്ടിടം യാഥാർത്ഥ്യമാവുകയും ചെയ്തു. 1990 ൽ ഹയർസെക്കന്ററിയായി സ്കൂൾ ഉയർത്തപ്പെട്ടു. പിന്നീട് യശ:ശരീരനായ സിപി നാരായണന്റെ സ്മരണാർത്ഥം സി.പി നാരായണൻ സ്മാരക ഗവൺ മെന്റ് ഹയർ സെക്കന്ററി സ്കൂൾ എന്ന് പുനർനാമകരണം ചെയ്തു.

കണ്ണൂർ ജില്ലാ പഞ്ചായത്ത് മോഡൽ സ്കൂളായി അംഗീകരിച്ച സ്കൂളാണിത്. 30 ഡിവിഷനുകളിലായി 1090ഓളം കുട്ടികൾ പഠിക്കുന്ന ഈ വിദ്യലയത്തിൽ 5 മുതൽ 10 വരെ ക്ലാസുകളിൽ മലയാളം, ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ പ്രവർത്തിച്ചുവരുന്നു.

മികച്ച അക്കാദമിക നിലവാരവും റിസൽട്ടും ഉറപ്പുവരുത്താൻ എല്ലാ വർഷവും സ്കൂളിന് സാധിക്കുന്നുണ്ട്. 2025 മാർച്ചിൽ നടന്ന SSLC പരീക്ഷയിൽ 100% വിജയവു 43 കുട്ടികൾക്ക് മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടാനും സാധിച്ചു. 28 കുട്ടികൾക്ക് USS സ്കോളർഷിപ്പ്, 2 പേർക്ക് NMMS സ്കോളർഷിപ്പ് ലഭിച്ചു.

ഐ.ടി വിദ്യാഭ്യാസം മികവുറ്റതാക്കുന്നതിനു വേണ്ടി യു.പി, ഹൈസ്കൂൾ വിഭാഗങ്ങൾക്ക് പ്രത്യേകം കംബ്യൂട്ടർ ലാബുകൾ, ആധുനികരീതിയിലുള്ള സ്മാർട്ട് ക്ലാസ്റൂം എന്നിവ സജ്ജമാക്കമാക്കിയിട്ടുണ്ട്.

സ്പോർട്സ് യുവജനവകുപ്പിന്റെ സഹായത്തോടെ നിർമിച്ച സ്കൂൾ ഗ്രൗണ്ട് നമുക്ക് ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന കായികതാരങ്ങളെ വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

ഉച്ചഭക്ഷണനിർമാണ വിതരണ സംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. ജലശുദ്ധീകരണ സംവിധാനങ്ങളടക്കം ശുചിത്വവും ആരോഗ്യവും കാത്തു സൂക്ഷിക്കുന്ന രീതിയിൽ ഭക്ഷ്യ വിഭവങ്ങൾ പാചകം ചെയ്തുവരുന്നു.

ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മികച്ച സൗകരങ്ങളാണ് ഇവിടെ ഒരുതിയിട്ടുള്ളത് അഡാപ്റ്റഡ് കമ്പ്യൂട്ടർ ,പഠനോപകരണങ്ങൾ എന്നിവ സജ്ജീകരിച്ചിരിക്കുന്നു.ഐഇഡി റിസോഴ്സ്റൂം ഇവിടെ ഉണ്ട്.

കുട്ടികൾക്കുണ്ടാകുന്ന പഠനസംബന്ധമായ പ്രശ്നങ്ങൾ, മാനസിക സംഘർഷങ്ങൾ മുതലായവ പരിഹരിക്കുന്നതിനുള്ള കൗൺസിലിംഗ് സെന്റർ പ്രവർത്തിച്ചു വരുന്നു. ഒരു കൗൺസിലറുടെ മുഴുവൻ സമയ സേവനവും ലഭ്യമാണ്.

ഹൈസ്കൂൾ വിഭാഗത്തിൽ SPC , JRC, SCOUT& GUIDES, ലിറ്റിൽകൈറ്റ്സ് എന്നീ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു.

സ്കൂളിന്റെ സർവതോന്മുഖമായ വികസനത്തിന് പ്രതിജ്ഞാബന്ധമായ പി.ടി.എ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. ശ്രീ കെ.പി.വിജയൻ പ്രസിഡന്റ്, ശ്രീമതി.കെ. ശ്രീലത മദർ പി ടി എ പ്രസിഡന്റ്, സ്കൂൾ വി സന സമിതി ചെയർമാനായി ശ്രീ അരുൺ എം പ്രവർത്തിക്കുന്നു.

# അക്കാദമിക മാസ്റ്റർപ്ലാൻ- ലക്ഷ്യങ്ങൾ

- പൊതു പരീക്ഷയിൽ 100 ശതമാനം വിജയം നിലനിർത്തുക.
- പൊതു പരീക്ഷയിൽ എ പ്ലസ് ലഭിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുക.
- പട്ടികജാതി/ പട്ടിക വർഗ വിഭാഗം കുട്ടികളുടെ വിജയം 100 ശതമാനം ആക്കുക. എ പ്ലസ് നേടുന്നവരുടെ എണ്ണം വർധിക്കുക.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുക.
- കണക്കിന്റെ അടിസ്ഥാന തത്വങ്ങൾ എല്ലാ കുട്ടികൾക്കും അറിയാമെന്ന അവസ്ഥ സൃഷ്ടിക്കുക.
- സംസ്ഥാന തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന കായി താരങ്ങളെയും കലാകാരന്മാരെയും വാർത്തെടുക്കുക
- സ്കൂളിൽ വായനാമൂലകൾ, ക്ലാസ് ലൈബ്രറി എന്നിവ നിർമിക്കുക.
- കുട്ടികളിലെ ശാസ്ത്രാഭിരുചി കണ്ടെത്തി ശാസ്ത്രപ്രതിഭകളെ വാർത്തെടുക്കുക
- പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളിലെ കുട്ടികളെ വിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിലെത്തിക്കാനുള്ള പ്രത്യേകം പരിപാടികൾ നടപ്പിലാക്കുക.
- ആരോഗ്യമുള്ള ജനതയെ ലക്ഷ്യമിട്ട് ജീവിതശൈലി ക്രമം എല്ലാ വിദ്യാർത്ഥികളിലും എത്തിക്കുക.
- സ്കൂളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക
- കുട്ടികളില എല്ലാവിധ കലാകായിക അഭിരുചികളെയും പ്രോത്സാഹിപ്പിക്കുക.
- സ്കൂളിൽ പച്ചക്കറിത്തോട്ടം നിർമിക്കുക
- സ്കൂൾ ക്യാമ്പസ് പ്ലാസ്റ്റിക് വിമുക്ത മേഖലയാക്കുക

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

| ഉപമേഖല -മലയാളം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>വാക്കുകളുടെ നിർമാണം<br>വാക്യങ്ങളുടെ നിർമാണം<br>ചിത്രം,വീഡിയോ പ്രദർശനം<br>കഥ എഴുതൽ<br>ഇഷ്ടസിനിമ,ഉത്സവം,പുസ്തകം,യാത്ര-അനുഭവക്കുറിപ്പ് തയ്യാറാക്കൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ശ്രദ്ധ | ജൂൺ-ആഗസ്റ്റ് | ഭാഷാധ്യാപകർ, രക്ഷിതാക്കൾ | 500 രൂപ /പി.ടി.എ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>ക്ലാസ് ലൈബ്രറി ശാക്തീകരണം<br>സമീപ ഗ്രന്ഥശാല അംഗത്വം<br>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>പത്ര വായന<br>ആനുകാലികപ്രസിദ്ധീകരണങ്ങളുടെ വായന<br>അമ്മ വായന<br>ഇ-വായന<br>വായനോത്സവം<br>പുസ്തക ചർച്ച<br>വിദ്യാരംഗം കലാ-സാഹിത്യ വേദി പ്രവർത്തനം<br>ദിനാചരണങ്ങൾ<br>വായന മുറി.ക്രിയേറ്റീവ് കോർണർ സജ്ജീകരണം | ജൂൺ-ജനുവരി | അധ്യാപകർ,പി.ടി.എ | 10000 രൂപ/പി ടി എ |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ടം രൂപീകരണം<br>വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>പുസ്തകചർച്ച<br>വായനക്കുറിപ്പ്<br>ചുമർപത്രം,ചുമർ | ജൂൺ-ഫെബ്രുവരി | | |

| | | | | |
|---|---|---|---|---|
| | പത്രിക,ഡിജിറ്റൽ<br>പതിപ്പ്<br>തയ്യാറാക്കൽ<br>എഴുത്ത് ശില്പശാല<br>സ്വന്തം രചനകൾ<br>അവതരിപ്പിക്കാനിട<br>ം നല്കൽ<br>സാഹിത്യ ഫെസ്റ്റ്-<br>സമീപ സ്കൂളുകളിലെ<br>കുട്ടി<br>എഴുത്തുകാരെയും ,<br>അധ്യാപകരായ<br>എഴുത്തുകാരെയും<br>ഉൾപ്പെടുത്തി | | അധ്യാപകർ,പി.ടി.<br>എ<br>ലിറ്റിൽ കൈറ്റ്സ് | 20000 രൂപ/പി ടി<br>എ |
| ആശയ വിനിമയ<br>ശേഷി<br>വർധിപ്പിക്കുക<br>സദസ്സിനെ<br>അഭിമുഖീകരിക്കാ<br>ൻ പ്രാപ്തനാക്കുക | ക്ലാസ് തലത്തിൽ<br>സ്വന്തം<br>അഭിപ്രായം<br>അവതരിപ്പിക്കാനു<br>ള്ള അവസരം<br>നല്കൽ<br>ആശയം<br>വ്യക്തതയോടെയും<br>പൂർണതയോടെയും<br>ഒഴുക്കോടെയും<br>ശബ്ദനിയന്ത്രണ<br>ത്തോടെയും<br>അവതരിപ്പിക്കാനു<br>ള്ളഇടം നല്കൽ<br>സെമിനാർ,സംവാ<br>ദം.പ്രസംഗം,പ്രഭാ<br>ഷണം എന്നിവയ്ക്ക്<br>അവസരം നല്കൽ<br>മികച്ച<br>പ്രഭാഷണവും<br>പ്രസംഗവും കേൾ<br>ക്കാനവസരം<br>നല്കൽ | ജൂൺ-ഫെബ്രുവരി | അധ്യാപകർ,പി.ടി.<br>എ<br>ട്രെയിനർ | 5000/പി ടി എ |

കായിക മേഖല

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്തുക | ടേണിംഗ്, മാർച്ചിംഗ്, ഫ്രീഹാൻഡ് എക്സർസൈസ് | ജൂൺ | കായിക അധ്യാപകർ | 2000 |
| ആരോഗ്യമുള്ള പുതുതലമുറയെ വാർത്തെടുക്കുക | ഹൃദയശ്വസനക്ഷമത വർധിപ്പിക്കുന്നതിന് ആവശ്യമായ ഏറോബിക്സ് ചെസ്സ്, ബാഡ്മിന്റൺ ലൂഡോ താരംസ്യോഗ പരിശീലനം. | ജൂലായ് | കായിക അധ്യാപകർ | 2000 |
| | സ്കൂൾ തലമത്സരങ്ങൾക്ക് തയ്യാറെടുപ്പ് ഗെയിംസ് സെലക്ഷൻ ബാഡ്മിന്റൺ എന്നിവ നടത്തുന്നു. | ആഗസ്റ്റ് | കായിക അധ്യാപകർ | 2000 |
| കുട്ടികളുടെ കായിക ശേഷി വർധിപ്പിക്കുക | ഫുട്ബോൾ പരിശീലനം കബഡി, ബാഡ്മിന്റൺ , ബാസ്കറ്റ് ബോൾ പരിശീലനം | സെപ്റ്റംബർ | കായികഅധ്യാപകർ | 2000 |
| | ബാസ്കറ്റ് ബോൾ, വോളിബോൾ പരിശീലനം അതിലെ നിയമങ്ങളെക്കുറിച്ച് പഠിപ്പിക്കുക | ഒക്ടോബർ | കായിക അധ്യാപകർ | 2000 |
| | സ്കൂൾ സ്പോർട്സ് സെലക്ഷൻ കായിക മേളക്ക് സജ്ജരാക്കുന്നു. | നവംബർ | കായിക അധ്യാപകർ | |
| | ഖോ-ഖോ, സോഫ്റ്റ് ബോൾ, ക്രിക്കറ്റ് പരിശീലനം. മൈനർ ഗെയിംസിൽ പരിശീലനം | ഡിസംബർ | കായിക അധ്യാപർ | |

| | | | | |
|---|---|---|---|---|
| | സൂംബ<br>ടെന്നിക്കെയ്റ്റ്<br>ഹോക്കി<br>പരിശീലനം | ജനവരി | കായിക<br>അധ്യാപകർ | |
| | മൈനർ ഗെയിംസ്<br>പരിശീലനം | ഫിബ്രുവരി | കായിക<br>അധ്യാപകർ | |
| | അടുത്ത അധ്യയന<br>വർഷത്തേക്ക്<br>കുട്ടികളെ സെലക്ട്<br>ചെയ്യുന്ന എല്ലാ<br>ഗെയിംസിലേക്കും<br>വേനലവധി<br>പരിശീലനത്തിന്<br>കുട്ടികളെ സെലക്ട്<br>ചെയ്യുന്നു. | മാർച്ച് | കായിക<br>അധ്യാപകർ | |

അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| Sl No | പ്രവർത്തനം | കാലയളവ് | ചുമതല | ഫണ്ട് |
|---|---|---|---|---|
| 1. | ചെണ്ടുമല്ലി കൃഷി | 5 മാസം | WIE ടീച്ചർ | PTA |
| 2. | നോട്ട് ബുക്ക് നിർമ്മാണം | 1 മാസം | WIE ടീച്ചർ | PTA |
| 3. | തുണി സഞ്ചി നിർമ്മാണം | 1 മാസം | WIE ടീച്ചർ | PTA |
| 4. | LED ബൾബ് നിർമ്മാണവും റിപ്പയറും | 6 മാസം | WIE ടീച്ചർ | PTA |
| | | | | |

ColorOS Notes

Scanned with OKEN Scanner

# ഗണിതശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിത താത്പര്യം വർദ്ധിപ്പിക്കുന്നതിന് | Treasure hunt -ലൂടെകുട്ടികളിൽ ചതുഷ് ക്രിയകളുടെ അവബോധ പരിശോധനയും പരിഹാര ബോധനവും ഗണിത ക്ലബ് രൂപീകരണവും | ജൂൺ | ഗണിത ക്ലബ് | 500 |
| 2.ICT സാധ്യതകൾ ഉപയോഗിച്ച് ഗണിത താത്പര്യം വ ർദ്ധിപ്പിക്കുന്നതിന് | Geogebra workshop, geogebra aplet തയാറാക്കു ന്നതിനുള്ള മത്സരം<br>ഗണിത ശാസ്ത്ര മേളയുമായി ബന്ധപ്പെട്ട workshop | ജൂലൈ-ആഗസ്റ്റ് | ഗണിതാധ്യാപകർ | 1000 |
| 3. ജ്യാമിതീയ നിർമ്മിതിയിൽ അഭിരു ചി വളർത്തുന്നതിന് | Geometric pattern ഉപയോഗിച്ച് പൂക്കള നിർമ്മാണവും പ്രദർശനവും<br>ശാസ്ത്ര മേള തയാറെടുപ്പ് | സെപ്റ്റംബർ | ഗണിതാധ്യാപകർ | |
| 4. ബീജഗണിതം ആസ്വാദ്യമാക്കാൻ | കലണ്ടർ ഗണിതം ഉപയോഗിച്ച് വിവിധ ഗണിത പ്രശ്നങ്ങൾ ബീജഗണിത രീതിയിൽ വിശദീകരിക്കുന്നു<br>പ്രായോഗിക പ്രശ്നങ്ങൾ ബീജഗണിതമുപയോഗിച്ച് വിശദീകരിക്കുന്നു | ഒക്ടോബർ-നവംബർ | ഗണിതാധ്യാപകർ | |
| 5.പ്രശ്ന നിർദ്ധാരണം സാധ്യമാക്കാൻ | ഉത്തരങ്ങളിൽ നിന്നും ചോദ്യങ്ങളിലേക്കും ബീജഗണിത രൂപത്തിലേക്കും എത്തിക്കുകയും സമാനമായപ്രശ്ങ്ങൾ വിവിധ നിലവാരത്തിലുള്ളതുമായ ചോദ്യങ്ങളുടെ നിർമ്മാണം ചർച്ച | ജനുവരി | ഗണിതാധ്യാപകർ | |
| 6. പരീക്ഷാ പരിശീലനം | ചോദ്യപേപ്പർ നിർമ്മാണം<br>Open book test,പേപ്പറുകൾ സ്വയം വിലയിരുത്തൽ | ഫെബ്രുവരി | ഗണിതാധ്യാപകർ | |

| अक्कादमिक् मास्टर् प्लान् -2025_26 | | | | |
|---|---|---|---|---|
| लक्ष्यः | प्रवर्तनम् | कालः | दायित्वम् | साम्पत्तिकम् |
| सम्भाषणसामर्थ्यम् । अवतारणपाटवम् । संस्कृतज्ञानम् । | सम्भाषणसंस्कृतम् । संस्कृतवातावरणम् । संस्कृतसम्भाषणावतारणम् । लघुपठनतन्त्रस्य आविष्करणम् । | एक: वर्षः । | छात्राः अध्यापकः च । | |
| शेखरणपाटवम् । प्रदर्शनपाटम् । संस्कृतज्ञानम् । | दशपुष्पोद्याननिर्माणम् । पुष्पस्य शेखरणम् । उचितस्थलनिर्माणम् , रोपणं , परिपालनम् । नामफलकस्थापनम् । | एकः वर्षः । | छात्राः अध्यापकः पिटिए च। | २००० |

| ACADEMIC MASTER PLAN ARABIC 2025-26 | | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
| 1 | അറബി ഭാഷാപഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക .ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴു എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. | ടെസ്റ്റ് നടത്തി ഭാഷാപഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യർത്ഥികളെ കണ്ടെത്തുന്നു . അവരെ പ്രതേകം പരിഗണിക്കുന്നു . എഴുത്തും വായനയും പരിപോഷിപ്പിക്കുന്നു . | മൂന്ന് മാസം | പുസ്തകങ്ങൾ ,കാർഡുകൾ | അദ്ധ്യാപകൻ |
| 2 | അറബി ഭാഷാശേഷി വർധിപ്പിക്കുക.പദസമ്പത് അധികരിപ്പിക്കുക . | ആഴ്ചയിൽ ഒരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമെ പദങ്ങൾ നൽകുക . ലഘു സംഭാഷണങ്ങൾ, പാഠഭാഗങ്ങൾ ,ചിത്രീകരണ രൂപത്തിലുള്ള അവതരണം ഇവയിലൂടെ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുക . | ജൂൺ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ ,വീഡിയോ | |
| 3 | ഓരോ മാസവും കുട്ടികളെ വായന തല്പരർ ആക്കുകയും ഭാഷാശേഷി വർധിപ്പിക്കുകയും ചെയ്യുക . | ഓരോ മാസവും കുട്ടികളെ വായന തല്പരർ ആക്കുകയും ഭാഷാശേഷി വർധിപ്പിക്കുകയും ചെയ്യുക . | ജൂൺ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ , ചാർട്ടുകൾ | അദ്ധ്യാപകൻ |
| 4 | അറബിഭാഷ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തിക്കുക. | ഓരോ യൂണിറ്റിലെയും വാക്കുകൾ അർത്ഥ സഹിതം എഴുതി നൽകി പഠിപ്പിക്കുക. | ജൂൺ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ ,ഡിക്ഷണറി | അദ്ധ്യാപകൻ |

| | | | | | |
|---|---|---|---|---|---|
| 5 | വ്യത്യസ്ത ദിനങ്ങളെക്കുറിച്ച് ബോധവൽക്കരണം | ദിനാചരങ്ങളുമായി ബന്ധപെട്ട് പോസ്റ്റർ നിർമിക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ചാർട്ടുകൾ,ലേഖനങ്ങൾ | അദ്ധ്യാപകൻ |
| 6 | ഭാഷാപഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്തുക . | സ്മാർട്ട് ക്ലാസ് റൂം ,ഭാഷയുമായി ബന്ധപ്പെട്ട അല്ലെങ്കിൽ പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രീകരണങ്ങൾ ,ആനിമേഷൻ മുതലായവ പ്രദർശിപ്പിക്കൽ . | ജൂൺ മുതൽ ഫെബ്രുവരി വരെ | സ്കൂൾ ഇന്റർനെറ്റ് സൗകര്യം ,വെബ്സൈറ്റുകൾ .കമ്പ്യൂട്ടർ പ്രൊജക്ടർ | അദ്ധ്യാപകൻ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | [illegible] വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ:** കൗതുകം, ജിജ്ഞാസ നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | |
| 2) **ശാസ്ത്ര ലോകത്തേക്ക്:** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്:** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനികവൽക്കരിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ:** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |

Scanned with OKEN Scanner

| ACADEMIC MASTER PLAN CHEMISTRY 2025-26 | | | | | |
|---|---|---|---|---|---|
| ക്രമഃ നം | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1 | വിദ്യാർത്ഥികളിൽ ശാസ്താബോധം വളർത്തുന്നതിന് | 1. ശാസ്ത്രതത്വങ്ങൾ ലഘുപരീക്ഷണങ്ങളിലൂടെ യുള്ള അവതരണം നിത്യജീവിതത്തിൽഉപയോഗിക്കുന്നസൗന്ദര്യവർധകവസ്തുക്കളുടെപേര്,ഘടകങ്ങൾ ,നിരന്തര ഉപയോഗം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ എന്നിവ ഉൾപ്പെടുത്തി പ്രൊജക്റ്റ് തയ്യാറാക്കൽ<br>2. രാസവസ്തുക്കളുടെയുംകീടനാശിനികളുടെയുംഅമിതഉപയ ോഗംമൂലമുള്ളപ്രശ്നങ്ങളെക്കുറിച്സെമിനാർ. | ഒരു തവണ | സയൻസ് ക്ലബ് | പി.ടി എ |
| | സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിൽ | 1. 1 സ്വയംചികിത്സ ,പതി ചികിത്സ | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ടീച്ചർ | പി ടി എ |

| | | | | | |
|---|---|---|---|---|---|
| 2 | ഊന്നിക്കൊണ്ട് വ്യക്തി ശുചിത്വം ,പ്രഥമ ശുസ്രൂഷ എന്നിവയെക്കുറിച്ചു അവബോധം സൃഷ്ടിക്കൽ | ,ആന്റിബിയോട്ടികളുടെ ഉപയോഗം ,പാർശ്വഫലങ്ങൾ എന്നിവ കണ്ടെത്തൽ<br>2. 2 ഓരോ ക്ലാസിലും പ്രഥമ ശുസ്രൂഷ ,ശുചിത്വ കിറ്റ് ,തയ്യാറാക്കൽ | | | |
| 3 | ശാസ്ത്രത്തിലെ പുതിയ ആശയങ്ങൾ<br><br>മനസിലാക്കാൻ | 1. ശാസ്ത്രമാസികകൾ ,പുസ്തകങ്ങൾ എന്നിവഉൾപ്പെടുത്തി വായനകൊർണേർ രൂപീകരിക്കൽ<br>2. ശാസ്ത്രവിഷയങ്ങളിലെ നോബൽ സമ്മാനങ്ങളെപ്പറ്റി വിവരശേഖരണം നടത്തൽ<br>3. ശാസ്ത്രവാർത്താശേഖരണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ടീച്ചർ | പി ടി എ |
| 4 | ശാസ്ത്രമേളകളിൽ പൂർണപങ്കാളിത്തം ഉറപ്പുവരുത്താൻ | 1. സ്കൂൾതല സയൻസ് എക്സിബിഷൻ<br>2. ഗവേഷണാത്മക പ്രൊജക്റ്റ് ഏറ്റെടുത്തുള്ള പഠനം | ഒരു തവണ | സയൻസ് ക്ലബ് | പി ടി എ |

| | | | | | |
|---|---|---|---|---|---|
| 5 | തൊഴിലധിഷ്ഠിത വിദ്യാഭാസത്തിനു ഊന്നൽ നൽകൽ | 1. ഡിഷ് വാഷ് ,ഹാൻഡ് വാഷ് എന്നിവയുടെ നിർമാണത്തിൽ പരിശീലനം നൽകൽ | ഒരു തവണ | സയൻസ് ക്ലബ് | പി ടി എ |

| CPNS GHSS മാതമംഗലം അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 - ഊർജതന്ത്രം | | | | | |
|---|---|---|---|---|---|
| **Sl No.** | **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| 1. | അത്ഭുത കണ്ണിലൂടെ : കുട്ടികളുടെ കൗതുകം ,ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ❿ ലഘുപരീക്ഷണങ്ങൾ മറ്റുള്ള കുട്ടികൾക്ക് മുൻപിൽ അവതരിപ്പിച്ചു കാണിച്ചു കൊടുക്കാൻ ഓരോ കുട്ടിക്കും അവസരം നൽകുന്നു.<br>❿ മോഡലുകളും മറ്റ് അവശ്യ വസ്തുക്കളും നിർമിക്കാൻ ആവശ്യമായ നിർദേശങ്ങൾ നൽകിക്കൊണ്ട് കുട്ടികളെക്കൊണ്ട് തന്നെ പരീക്ഷണങ്ങളും മോഡലുകളും ചെയ്യിപ്പിക്കുന്നു. | ആവശ്യ സന്ദർഭങ്ങളിൽ | സയൻസ് ടീച്ചർ | PTA |
| 2. | ശാസ്ത്ര ലോകത്തേക്ക് കുട്ടികളെ എത്തിക്കുന്നതിന് നിരന്തരമായി അന്വേഷണം നടത്തുകയും | ❿ ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുക.<br>❿ കുട്ടികളുടെ നൂതന ആശയങ്ങൾ പരിപോഷിപ്പിക്കുന്നതിനായി കുട്ടികൾ തയ്യാറാക്കിയ മോഡലുകൾ പ്രദർശിപ്പിക്കാൻ വേദി ഓര്ക്കു കൊടുക്കുക. | വർഷത്തിൽ ഒരിക്കൽ<br><br>വർഷത്തിൽ ഒരിക്കൽ | സയൻസ് ടീച്ചർ | Science Club |

| | | | | | |
|---|---|---|---|---|---|
| | ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്യുവാനുമുള്ള ശേഷി നേടുകയും ചെയ്യുക. | ❿ ഓരോ പാഠഭാഗത്തിലും സെമിനാറുകൾ അവതരിപ്പിച് കൂടുതൽ മെച്ചപ്പെട്ടവ അവതരിപ്പിക്കാൻ മികച്ച വേദികൾ ഒരുക്കുക. | ആവശ്യ സന്ദർഭങ്ങളിൽ | | |
| 3. | ശാസ്ത്രത്തിന്റെ നൂതനമായ ആശയങ്ങൾ മനസിലാക്കൽ | ❿ ശാസ്ത്രലോകത്തു പുതുതായി ഉണ്ടാകുന്ന കണ്ടുപിടുത്തങ്ങൾ, Nobel Prize എന്നിവയെപ്പറ്റി വിവരങ്ങൾ ശേഖരിക്കൽ.<br>❿ ശാസ്ത്ര മാസികകൾ, ശാസ്ത്ര പുസ്തകങ്ങൾ എന്നിവ ഉൾപ്പെടുത്തിയ ഒരു വായന കോർണർ സജ്ജമാക്കുക.<br>❿ Sciene la, IT Lab എന്നിവ ആധുനീകരിക്കുക.<br>❿ ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ പ്രസിദ്ധീകരിക്കുക. | ആവശ്യ സന്ദർഭങ്ങളിൽ<br><br>വർഷത്തിൽ ഒരിക്കൽ | സയൻസ് ടീച്ചർ | PTA |
| 4. | ശാസ്ത്ര മേളകളിൽ പൂർണപങ്കാളിത്തം | ❿ ശാസ്ത്ര ദിനാചരണം .<br>❿ സ്കൂൾതല ക്വിസ് .<br>❿ സംസ്ഥാന-ദേശിയ തലത്തിലുള്ള ക്വിസ്, | വർഷത്തിൽ ഒരിക്കൽ | Science Club | PTA |

| | | | | | |
|---|---|---|---|---|---|
| | ഉറപ്പാക്കൽ, അന്വേഷണ തീഷ്ണതവർധിപ്പിക്കൽ | സെമിനാർ, പ്രൊജക്റ്റ് മുതലായവയിൽ കുട്ടികളെ പങ്കെടുപ്പിക്കുക<br>❿ പ്രശസ്ത ശാസ്ത്രകാരന്മാരുമായി സംവദിക്കൽ . | ആവശ്യ സന്ദർഭങ്ങളിൽ<br><br>ഒരു തവണ | | |
| 5. | തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകൽ | ❿ LED നിർമ്മാണം .<br>❿ Electrical Wiring. | വർഷത്തിൽ-ഒരിക്കൽ | സയൻസ് ടീച്ചർ | PTA |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ. | **അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക്**<br>സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | **ഓർമ്മച്ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യകളുപയോഗിച്ച് Memory test നടത്തുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | **Virtual Field Trip**<br>ICT സാധ്യകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജിവിത സമീപനം രൂപപ്പെടുത്തുക. | **വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്**<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **പ്രകൃതി താണ്ഡവം: നേർക്കാഴ്ച**<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) സഹജീവികളോട് സമഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങുവെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| 6) വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7) സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടുത്തുന്നു. | **കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ)**<br>പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 8) സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | **പുതുചക്രവാളത്തിലേക്ക്**<br>സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടെന്ന രീതിയിലുള്ള ചോദ്യോത്തരവേളകൾ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| അക്കാദമിക മാസ്റ്റർ പ്ലാൻ 2025 26<br>മേഖല ഐസിടി | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചർച്ച രീതിയിൽഐസിടി സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക | ഓരോ കാലഘട്ടത്തിലും മാറിവരുന്ന സോഫ്റ്റ്‌വെയറുകൾ ഐസിടി ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു | അക്കാദമിക വർഷം | ഐസിടി പരിശീലനം നേടിയ അധ്യാപകർ | |
| ജിയോജിബ്ര പരിശീലനം ,അപ്‌ലെറ്റ് നിർമ്മാണം | ഗണിത ക്ലബ്ബിലെയും ഐടി ക്ലബ്ബിലെയുംകൂട്ടുകാർക്ക് ജിയോജിബ്ര പരിചയപ്പെടുത്തുകയും അപ് ലെറ്റ് നിർമ്മിക്കാനുള്ള പരിശീലനം നൽകുകയും ചെയ്യുന്നു ഇവ ക്ലാസുകളിലെ മറ്റു കുട്ടികൾക്ക് അവരുടെ ഗണിതതാൽപര്യം വർദ്ധിപ്പിക്കാനും ഗണിതത്തോടുള്ള പേടി അകറ്റാനും ഉതകുന്ന രീതിയിൽ ഉപയോഗപ്പെടുത്തുന്നു | July-August | ഗണിതാദ്ധ്യാപകർ | |
| ഡിജിറ്റൽ പെയിൻറിംഗ് പരിശീലനം | ചിത്രരചനയിൽതാല്പര്യമുള്ള കുട്ടികൾക്ക് കൃത ,ജിമ്പ്, ഇങ്ക്സ്കേപ്പ് മുതലായ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ പരിചയപ്പെടുത്തുന്നു | September-October | ഐസിടി കൈകാര്യം ചെയ്യുന്ന അധ്യാപകർ | |

(പദ്ധതി വിശദാംശങ്ങൾ - പട്ടികപ്പെടുത്തിയ സ്വപ്നപദ്ധതികളുടെ വിശദാംശങ്ങൾ മറ്റൊരാൾക്ക് വായിച്ചുമനസ്സിലാക്കാവുന്ന വിധത്തിൽ പ്രത്യേക ഫോർമാറ്റിൽ എഴുതി തയ്യാറാക്കലാണ് ലക്ഷ്യമിടുന്നത് - മാതൃക പരിശോധിക്കുക.)

പ്രവർത്തനം 1

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | - - |

പ്രവർത്തനം 2

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | - - |

പ്രവർത്തനം 3

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തീയറ്റർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിനു മുമ്പാകെ അവതരിപ്പിക്കൽ. ഉദാ. skit, conversation, dran a etc. | പ്രതിമാസ പരിപാടി | എച്ച്. എം. / ഇംഗ്ലീഷ് അദ്ധ്യാപകൻ | 2000/- പി.ടി.എ. |



Scanned with OKEN Scanner

പ്രവർത്ത നം 4

പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ

ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽസർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>Example<br>June : Monsoon<br>July : Population<br>August : Freedom<br>Sept. : Onam etc. | പ്രതിമാസ പരിപാടി | എച്ച്.എം./ ഇംഗ്ലീഷ് അദ്ധ്യാപിക | 2000/- (പരസ്യത്തിലൂടെ കണ്ടെത്താം) |

പ്രവർത്ത നം 5

പേര് : ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മദ്ധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധിക്കാലം) | പി.ടി.എ. പ്രസിഡന്റ് എച്ച്.എം. | 10000/- (പ്രതിവർഷം സി.എസ്.ആർ. ഫണ്ട്) |

പ്രവർത്ത നം 6

പേര് : ഇംഗ്ലീഷിൽ കത്തെഴുത്ത് (English pen friends)

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചനയിൽ പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നുവീതം | ക്ലാസ്സ് ടീച്ചർ | പ്രതിവർഷം 10000/- ( പി.ടി.എ. ഫണ്ട്) |



Scanned with OKEN Scanner

പ്രവർത്തനം 7
പേര് : ഇംഗ്ലീഷ് ചാറ്റിംഗ്
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നതിൽ ശേഷി നേടൽ | വിദേശ രാജ്യങ്ങളിൽ സമാന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായി സ്കൈപ്പ് മുഖേന ഇംഗ്ലീഷിൽ ആശയ വിനിമയം | മാസത്തിൽ ഒന്നുവീതം | ക്ലാസ്സ് ടീച്ചർ | - - |

പ്രവർത്തനം 8
പേര് : Translation of Malayalam childrens books to English
(മലയാളകൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യൽ)
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ മലയാള സാഹിത്യ കൃതികൾ ആശയം ചോർന്നുപോകാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | പ്രതിവർഷം 20,000/- (സി.എസ്.ആർ. ഫണ്ട്) |

പ്രവർത്തനം 9
പേര് : ഗ്രാമർ സ്കൂൾ
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം പത്ത് ക്ലാസ്സ് | ക്ലാസ്സ് ടീച്ചർ | 5,000/- (പൂർവ്വ വിദ്യാർത്ഥി സംഘടന) |





Scanned with OKEN Scanner

പ്രവർത്ത നം 10
പേര് : പ്രസംഗ തർജ്ജമ
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തന്മയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |

പ്രവർത്ത നം 11
പേര് : പദപ്രശ്ന നിർമ്മാണം
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |

പ്രവർത്ത നം 12
പേര് : ഇംഗ്ലീഷ് കോർണർ
ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ഭിത്തിയിൽ ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - - |



Scanned with OKEN Scanner

**Academic master plan 2025-2026**
**Hindi**

| No | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ചുമതലകൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. | ഹിന്ദി അധ്യാപകർ | ൺ ജൂലൈ | 1000/- |
| 2 | അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു | ദൃശ്യ ശ്രവ്യ സാധനങ്ങളുടെ സഹായത്തോടെ ഉച്ചാരണം പരിചയപ്പെടുത്തുന്നു. ചിത്ര പുസ്തകങ്ങളുടെ പ്രദർശനം | ഹിന്ദി ക്ലബ്ബ് | ആഗസ്റ്റ് സെപ്റ്റംബർ | 2000 |

| | | | | | |
|---|---|---|---|---|---|
| 3. | ഹിന്ദി ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ പരിചയപ്പെടുത്തുന്നു. കലാസാഹിത്യ രൂപങ്ങൾ പരിചയപ്പെടുക | കഥ വായന, കഥാ രചന, സ്ക്രിപ്റ്റ് റൈറ്റിംഗ് ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം, നാടകം അഭിനയിക്കാനുള്ള അവസരം | ഹിന്ദി ക്ലബ്ബ് | ഒക്ടോബർ നവംബർ | 2000 |
| 4 | ഹിന്ദി വാരാഘോഷ കലോത്സവം | പദ്യം ചൊല്ലൽ, കഥ, കവിത,പോസ്റ്റർ എന്നിവ സംഘടിപ്പിക്കുന്നു | ഹിന്ദി ക്ലബ്ബ് | സെപ്റ്റംബർ | 500 |
| 5 | ഹിന്ദി സാഹിത്യാഭിരുചി വളർത്തുക | പുസ്തകങ്ങളുടെ പ്രദർശനം, സിനിമ കാണാനുള്ള അവസരം, ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കാൻ പറയുന്നു. | ഹിന്ദി അധ്യാപകർ | ഒക്ടോബർ നവംബർ | 1000 |
| 6 | കാർട്ടൂൺ, ചിത്രകഥ, നാമം, സർവ്വനാമം, ഡയറി, പോസ്റ്റർ, ആസ്വാദനക്കുറിപ്പ്, സ്വഭാവം നിരുപണം തയ്യാറാക്കൽ എന്നിവയിലുള്ള പരിശീലനം | ചിത്രകഥ, കാർട്ടൂൺ കവിത പോസ്റ്റർ എന്നിവ നൽകിക്കൊണ്ട് പാഠഭാഗത്തിലെ സന്ദർഭങ്ങൾ എന്നിവയെ ആസ്പദമാക്കി കൊണ്ട് പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുന്നു. | ഹിന്ദി അധ്യാപക | ഡിസംബർ | 1000 |
| 7 | മാഗസിൻ തയ്യാറാക്കൽ | കുട്ടികളുടെ അഭിരുചിക്ക് അനുസരിച്ചുള്ള രചനകൾ | ഹിന്ദി ക്ലബ്ബ് | ജനുവരി | 2000 |

| മേഖല യു.പി. ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 1) 5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ. ഹിന്ദി അക്ഷരമാല മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഉച്ചരിക്കാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പഠിപ്പിക്കുക | പുതിയ പാഠങ്ങൾ, പാട്ടുകൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) ഹിന്ദി വായന തെറ്റു കൂടാതെ ഹിന്ദി വായിക്കുവാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും. മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി ഡി താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും. നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള ഭാഷ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തിക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം. ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |



Scanned with OKEN Scanner

## English Language Club - UP

| No | Area | Activities | Duration | Finance | Remarks |
|---|---|---|---|---|---|
| 1 | Reading | Card Reading Competition. ( Simple Poems and Stories ) | July | | |
| 2 | Reading, Speaking, Writing | Preparing News Report About the programmes conducted in School | August | | |
| 3 | Speaking | Talk on a Topic / Debate | September | | |
| 4 | Speaking and Writing | Drama Theatre ( Preparing Scripts based on TB and performance – group level competition ) | October | | |
| 5 | Speaking, Reading and Writing | Documentary / Short Film / Reels based on textual lessons | December | | |
| 6 | LSRW | Talent Show ( English Fest ) Victory Celebration, Magazine Publishing and Prize Distribution | February | Rs: 2000 | |

Scanned with OKEN Scanner

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ലാഷ് കാർഡ്, ... ഉപയോഗിക്കുന്നു ) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താത്പര്യം വർധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താത്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികാസം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | SRG | |

Scanned with OKEN Scanner

ACADEMIC MASTER PLAN – UP SCIENCE 2025-2026

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| 1.ജീവിതസാഹചര്യങ്ങളിൽ നിന്ന് ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • **കണ്ടറിയാനൊരു യാത്ര**<br>വംശനാശഭീഷണി നേരിടുന്ന സസ്യങ്ങളെകണ്ടെത്തി<br>ജൈവവൈവിധ്യ രജിസ്റ്റർ നിർമാണം<br>കാവുകൾ സന്ദർശനം<br>കണ്ടൽകാട് നിരീക്ഷണം<br>പുഴയെ അറിയാൻ യാത്രകൾ<br>• **പരീക്ഷണ കളരി**<br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു<br>പരീക്ഷണകുറിപ്പുകൾ ഉൾപ്പെടുത്തി | June onwards | Science teachers science club | Parents<br><br>PTA&science club |

ACADEMIC MASTER PLAN – UP SCIENCE 2025-2026

| | | | | |
|---|---|---|---|---|
| | ശാസ്ത്രപരീക്ഷണങ്ങളുടെ ശേഖരം തയ്യാറാക്കുന്നു. | | | |
| 2.ശാസ്ത്രപ്രക്രിയാശേഷി വർദ്ധിപ്പിക്കുക .ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | • ശാസ്ത്ര വിസ്മയ ചുമർതയ്യാറാക്കൽ<br>• **ശാസ്ത്രമൂല ഒരുക്കൽ**<br>ശാസ്ത്ര പുസ്തകങ്ങളും ലേഖനങ്ങളും ചിത്രങ്ങളും ലഘുഉപകരണങ്ങളും ഉപയോഗിച്ച് ശാസ്ത്രമൂല ഒരുക്കൽ | academic year<br><br>june onwards | science teachers science club | science club |
| | കുട്ടികളെ ഊർജ്ജസംരക്ഷണപ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ<br><br>**ശാസ്ത്രമാസിക തയ്യാറാക്കൽ**<br>കുട്ടികളുടെ ഉത്പന്നങ്ങൾ ഉപയോഗിച്ച് ശാസ്ത്രമാസിക തയ്യാറാക്കൽ | academic year | | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ഉൾപ്പെടുത്തി ആധുനികശാ | ഐസിടി യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്കെത്തി | academic year | | |

ACADEMIC MASTER PLAN – UP SCIENCE 2025-2026

| | | | | |
|---|---|---|---|---|
| സ്ത്രസാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | ക്കുന്നു<br><br>സ്കൂൾതലത്തിൽ ശാസ്ത്ര മേള സംഘടിപ്പിക്കുന്നു .മികച്ച പരിശീലനം കൊടുത്തുകൊണ്ട് സബ്ജില്ലാ മേളകളിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നു<br><br>സ്കൂൾ തല ക്വിസ് മത്സരങ്ങൾ , ദിനാചരണങ്ങൾ | | | PTA |

മേഖല യു.പി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1ഭാഷയുടെ അടിസ്ഥാന ശേഷി വികസനം | 1എന്റെ അവധിക്കാലം പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളുടെ (കഥ,കവിത, യാത്രാവിവരണം, അനുഭവക്കുറിപ്പ്)അവതരിപ്പിക്കുന്നു.<br>2 ഭാഷാകേളി അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി വളർത്തുന്നു.<br>3 വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും കാർഡുകൾ ഉപയോഗിച്ച് വാക്യങ്ങളുടെ നിർമ്മാണം<br>4 വാർത്താ ലോകത്തേക്ക് പത്രം, ആഴ്ച്ചപ്പതിപ്പ് എന്നിവ പഠിതാക്കൾ വായിച്ച് പ്രതികരണശേഷി വളർത്തുന്നു. | ജൂൺ മാസം<br>ജൂൺ മാസം<br>ജൂൺ മാസം<br>എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| 2സാഹിത്യകൃതികളോട് അഭിരുചി വളർത്തൽ | 1 ക്ലാസ് ലൈബ്രറി ഒരുക്കൽ<br>2പുസ്തകാസ്വാദനം തയ്യാറാക്കൽ<br>3എഴുത്തുകാരുമായി അഭിമുഖം<br>4 സാഹിത്യ കളരി | ജൂൺ<br>എല്ലാ മാസവും<br>3 മാസത്തൽ ഒരിക്കൽ<br>4 മാസത്തിൽ ഒരിക്കൽ | മലയാളം അധ്യാപകർ എച്ച്.എം പി.ടി.എ | PTA |
| 3മലയാളം കമ്പ്യൂട്ടറിം പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും. | ഇ-കമ്പ്യൂട്ടറിംഗ് മുഴുവൻ കുട്ടികളെയും കമ്പ്യൂട്ടറിങ്ങ് പരിശീലിപ്പിക്കുക.<br>ഇ-മാഗസീൻ തയ്യാറാക്കുക സ്കൂൾ മാഗസീൻ. മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസീൻ തയ്യാറാക്കുക. | രണ്ട് വർഷം<br>വർഷാവസാനം | മലയാളം , ഐ ടി അധ്യാപകർ<br>മലയാളം അധ്യാപകൻ | |
| 4കുട്ടികളുടെ കലാവാസനകൾ പരിപോഷിപ്പിക്ക | രംഗാവിഷ്കാരം പാഠഭാഗങ്ങൾ ലഘുനാടകങ്ങൾ, ചൊൽക്കാഴ്ചകൾ | അക്കാദമിക് വർഷം | മലയാളം അധ്യാപകർ, പി.ടി എ | |

| | | | | |
|---|---|---|---|---|
| ൽ. | എന്നിവയൊക്കെയായി മാറ്റി അസംബ്ലിയിൽ അവതരിപ്പിക്കുക. | | | |